# കിനാവുകളുടെ ഗാനം



**ആയിരമാത്മാവു തൻ വിറ പൂണ്ടതാം ചുണ്ടിൽ
ഊറിയിട്ടുണ്ടീഗാനം യുഗമേഖലകളിൽ,
തളിരിട്ടുലയുന്ന മാമരച്ഛായയ്ക്കുള്ളിൽ
തളരും പൂമേനിയെക്കരളോടടുപ്പിക്കെ
പളുങ്കിൻമണി പോലെ പാറയിൽത്തട്ടിത്തകർ–
ന്നകല, ത്തങ്ങേക്കുന്നിൻ കൊച്ചുതാഴ്വരത്തോപ്പിൽ
ഒഴുകും പൂഞ്ചോലയും നോക്കി, യന്നജ്ഞാതനാ–
മൊരു ഗായകൻ പാടി ശോകസാന്ദ്രമീഗാനം.**

**നെടുവീർപ്പിടുന്നൊരു പൊന്നണിക്കിനാവു തൻ
വിതുമ്പും കരൾത്തുമ്പിൽ ത്തങ്ങിയിട്ടുണ്ടീഗാനം.
ലജ്ജയാൽത്തുടുത്തോരപ്പൂകവിളമരാത്ത
വിഭ്രമ വികാരത്താൽ കാമുകൻ ചുംബിക്കുമ്പോൾ
താരകൾ കൺചിമ്മുന്ന നീലനീലമാം വാനിൽ
വേദന പോലേ നീങ്ങും മേഘപാളിയും നോക്കി
അകലത്തെങ്ങോ നിന്നു പാടിപോലജ്ഞാതനാ–
മൊരു ഗായകൻ വീണ്ടും ശോകസാന്ദ്രമീഗാനം.**

**ദൂരെ ദൂരെയച്ചക്രവാളരേഖയിൽപ്പൊങ്ങും
വാർമഴവില്ലും പക്ഷേ പാടിയിട്ടുണ്ടീഗാനം.
നീലനീൾമിഴികളിൽ പൂനിലാവൊളികളും
പേലവാധരങ്ങളിൽ വിടരും വസന്തവും
യൗവനോൽസവത്തിൻെറ പൊന്നിഴ നെയ്യും രാവിൽ
ജീവിതം തമ്മിൽ ഗ്ഗാഢ ഗാഢമായ് പുണർന്നപ്പോൾ
അകലത്തെങ്ങോ നിന്നു പാടി പോലജ്ഞാതനാ–
മൊരു ഗായകൻ വീണ്ടും ശോകസാന്ദ്രമീ ഗാനം. ■**

**കൗമുദി വാരിക**